(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബി. എഡ്. കോഴ്സ് നടത്തുന്നതിന് 74 സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. സീറ്റുകൾ നിർണ്ണയിച്ച് നൽകുന്നത് എൻ. സി. റ്റി./യൂണിവേഴ്സിറ്റിയാണ്.

(ഡി) 57108 ബി. എഡ്. ബിരുദധാരികൾ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലന്വേഷകരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ബി. എഡ്. ട്രെയിനിംഗ് കോളേജിന് എൻ. ഒ. സി. നൽകുന്നത് സംബന്ധിച്ച് പഠിച്ച വിദഗ്ധ സമിതി സംസ്ഥാനത്ത് ഏകദേശം 16,000 ബി. എഡ്. സീറ്റുകൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള തൊഴിലവസരം കൂടി കണക്കിലെടുത്താണിത്.

പുതിയ ബി. എഡ്. കോളേജുകൾ

133 [685] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ബി. എഡ്. കോളേജുകൾക്കുള്ള അംഗീകാരമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകാരം നൽകിയ ബി. എഡ്. കോളേജുകൾ ഏതെല്ലാം ട്രസ്റ്റുകൾക്കാണ് നൽകിയത്; ഇതിൽ ട്രസ്റ്റികൾ ആരൊക്കെ; അവരുടെ പേരുവിവരവും മേൽവിലാസവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 64 ബി. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ബി) എൻ. ഒ. സി. നൽകിയ 64 കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.† ട്രസ്റ്റുകൾ, ചാരിറ്റബിൾ സൊസൈറ്റി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ എന്നിവയും ബി. എഡ്. കോളേജ് തുടങ്ങുന്നതിന് എൻ. ഒ. സി. ലഭിച്ചവരിൽപ്പെടുന്നുണ്ട്. ട്രസ്റ്റികളുടെ പേരുവിവരവും മേൽവിലാസവും ശേഖരിച്ച് നൽകുന്നതാണ്.

പുതുതായി അനുവദിച്ച ബി. എഡ്. കോളേജുകൾ

134 [686] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര ബി. എഡ്. കോഴ്സുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവെന്നതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് എന്തെങ്കിലും പൊതുമാനദണ്ഡം പാലിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തായിരുന്നു പ്രസ്തുത പൊതുമാനദണ്ഡം;

(സി) ഏതെങ്കിലും ഒരു സാമുദായിക വിഭാഗത്തിനു മാത്രമായി കൂടുതൽ ബി. എഡ്. സ്ഥാപനങ്ങൾക്കുള്ള അനുമതി നൽകിയതായി വന്നിട്ടുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് ഓരോവർഷവും ഉണ്ടാകാവുന്ന അദ്ധ്യാപക ഒഴിവുകൾ എത്രയാണ്; ഇപ്പോൾ സംസ്ഥാനത്ത് ആകെ നിലവിലുള്ള ബി. എഡ്. സീറ്റുകളുടെ എണ്ണം എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ബി. എഡ്. കോഴ്സുകൾ അനുവദിച്ചിട്ടില്ല. സ്വാശ്രയ ബി. എഡ്. ട്രെയിനിംഗ് കോളേജ് തുടങ്ങുന്നതിന് എൻ. ഒ. സി. നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) എൻ. സി. റ്റി. ഇ.-യുടെ യൂണിവേഴ്സിറ്റികളും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ലൈബ്രറി തുടങ്ങിയവയും ഏറ്റവും മികച്ച രീതിയിൽ ഏർപ്പെടുത്തിയവരെ തെരഞ്ഞെടുക്കാനാണ് സർക്കാർ നിയമിച്ച വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഓരോ വർഷവും ഉണ്ടാകാവുന്ന ഒഴിവുകളുടെ എണ്ണം ശേഖരിച്ചു വരുന്നു. ബി. എഡ്. കോഴ്സിന് സംസ്ഥാനത്ത് ഏകദേശം 11,000 സീറ്റുകൾ ഇപ്പോൾ ലഭ്യമാണ്.

ബി. എഡ്. കോളേജുകൾക്ക് അനുമതി

135 [687] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ബി. എഡ്. കോഴ്സ് നിലവിലുള്ള എത്ര സർക്കാർ സ്ഥാപനങ്ങൾ, എയിഡഡ് സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുണ്ടെന്നും ഇവയിലോരോന്നിലും എത്ര പേർക്ക് വീതം പ്രതിവർഷം പ്രവേശനം നൽകുന്നുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര സർക്കാർ കോളേജുകളും എയിഡഡ് കോളേജുകളും സ്വാശ്രയ കോളേജുകളും തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും ഇവയിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾക്ക് വീതം പ്രവേശനം അനുവദിച്ചു എന്നും വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly